# ഇ-കൂട്ടുകാരൻ




Little KITEs

G.B.H.S.S CHAVARA

# ആശംസകളോടെ



ഐ.റ്റി മേഖലയിലെ അനന്ത സാധ്യതകൾ തിരിച്ചറിയാൻ പുതിയ സ്കൂൾ സാഹചര്യത്തിൽ ഫലപ്രദമായി ഇടപെടാനുള്ള കുട്ടികളുടെ കഴിവ് വർധിപ്പിക്കാൻ സഹായകമായ ലിറ്റിൽ കൈറ്റിന്റെ മാഗസിൻ അനുമോദനം അർഹിക്കുന്നു. പുതിയ കാലഘട്ടത്തിന്റെ മാറ്റങ്ങൾക്ക് മുൻപേ പറക്കാൻ ശ്രമിക്കുന്ന പൊതുവിദ്യാലയത്തിലെ കൊച്ചുമിടുക്കൻമാർ തയ്യാറാക്കിയ *ഇ -ക്കുട്ടകാരൻ* എന്ന മാഗസീന് എല്ലാവിധ ആശംസകളും നേരുന്നു.



ശശാങ്കദൻ

ഹെഡ്മാസ്റ്റർ

# ആശംസകളോടെ



ഹൈടെക് സ്കൂൾ പദ്ധതി  പ്രകാരം നിലവിൽ വന്ന ലിറ്റിൽ കൈറ്റ് യൂണിറ്റിലെ  പ്രവർത്തനങ്ങൾ നേരിൽ കണ്ടറിയാൻ സാധിച്ചിട്ടുണ്ട്. തികഞ്ഞ സാങ്കേതികതവും ആസൂത്രണവും നിറഞ്ഞ് നിൽക്കുന്ന ക്ലാസുകൾ. കുട്ടികളെ ഇത്തരം ഒരു മാഗസിൻ തയ്യാറാക്കാൻ പ്രാപ്തമായതിൽ  തർക്കമില്ല. ഈ പഠനാനുഭവം മനോഹരമായി ഉപയോഗപ്പെടുത്താൻ ശ്രമിച്ച കുഞ്ഞുങ്ങൾക്കും സഹായിച്ച അധ്യാപർക്കും എല്ലാവിധ ആശംസകളും നേരുന്നു.



ഏണസ്റ്റ്

സീനിയർ അസിസ്റ്റന്റ്


ഞങ്ങൾ കുട്ടിസാങ്കേതിക വിദഗ്ധൻമാരുടെ ഇ – മാഗസീൻ നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഞങ്ങളുടെ സങ്കേതിക ജ്ഞാനം ഉയർത്തുവാൻ സഹായിച്ച ഗവണ്മന്റിനെ നന്ദിയോടെ ഓർക്കുന്നു . ഇത് മൂലം ഇ – ബുക്ക് എന്ന കേട്ടറിവ് മാത്രം ഉണ്ടായിരുന്ന ഞങ്ങൾക്ക് ഇത് നിർമ്മിക്കാനായി  എന്ന അത്ഭുതത്തിലും ആനന്ദത്തിലും ആണ് ഞങ്ങൾ. ഈ സ്കൂളിന്റെ ചരിത്രത്തിലെ ആദ്യ സംരംഭം. ഇനിയും  ഇതുപോലുള്ള മനോഹരമായ സംരംഭങ്ങൾ ഉണ്ടാകും എന്ന് പ്രതീക്ഷിച്ചു കൊണ്ട് ലിറ്റിൽ കൈറ്റ്സ് കൂട്ടം . പഠനാഭിമാനം എല്ലാവർക്കുമായി കാഴ്ച്ച - വയ്ക്കുന്നു.

എഡിറ്റർ -

സബ് എഡിറ്റർ -

എഡിറ്റർ ബോർഡ് അംഗങ്ങൾ

# മാണിക്യവീണ



വന്ദനം വന്ദനം! വാർമെത്തും ദ്രാവിഡ
നന്ദിനിയായി വളർന്ന ഭാഷേ,
വന്ദനം വന്ദനം! ചിത്തം കവർന്നിടും
ചന്ദനാമോദം കലർന്ന ഭാഷേ,
ജീവന്ന നൂതനോന്മേഷം പകർന്നിടും
ദേവഭാഷാമൃതം ചേർന്ന ഭാഷേ,
നിന്മുലപ്പാനിന്റെ വീര്യമുൾക്കൊണ്ടതെൻ
ജന്മജന്മാന്തരപുണ്യമല്ലേ
വശ്യമാം ശൈലിയിൽ നിന്നെ ജയിപ്പൊരു
വിശ്വമനോഹരഭാഷയുണ്ടോ
താളമിട്ടാടുന്ന തെങ്കടൽക്കല്ലോല-
പാളി നിൻ ഗാനങ്ങൾ കേട്ടിടുമ്പോൾ
താനമായ്ത്തീരുന്ന നാളികേരദ്രുമ-
താലപത്രാന്തരമർമ്മരങ്ങൾ..................



അനീന

# വൈറസുകൾ

വിവിധതരത്തിലുള്ള  വൈറസുകൾ കാണപെടുന്നുണ്ട്.

**ചിക്കൻഗുനിയ**

*കൊതുക് പരത്തുന്ന ഒരു  വൈറസ് രോഗമാണിത്.  പനി, തലവേദന, പേശിവേദന എന്നിവ ഇതിന്റെ ലക്ഷണങ്ങൾ. രോഗബാധിതനായ ഒരാളെ കടിക്കുന്ന കൊതുകിലൂടെ വൈറസ് മറ്റുള്ളവരിലേക്കും പകരുന്നു. വൈറസ് മനുഷ്യശരീരത്തിൽ ഏകദേശം ഒരാഴ്ചയോളം നിലനിൽക്കും. കൊതുക് പരത്തുന്നത് തടയുകയാണ് വേണ്ടത്. വിറ്റാമിൻ-സി അടങ്ങിയ ഭക്ഷണ പാനിയങ്ങളും ഈ അവസരത്തിൽ അനയോജ്യമാണ്.*

**നിപ**

വൈറസ് ബാധയുള്ള വവ്വാലുകളിൽ നിന്നോ പന്നികളിൽ നിന്നോ    മനുഷ്യനിലേക്ക് എത്തുന്ന മാരക രോഗമാണ് നിപ. 2018 മേയ് മാസത്തിൽ

നിരവധി ജീവൻ അപഹരിച്ചു. ഈ വൈറസ് ഹെനിപ്പാവൈറസ് ജിനുസിൽപ്പെട്ടതാവൈറസുകൾണ്.



അനന്തു അജി

# ആമയും മുയലും

ഒരിടത്ത് അതിബുദ്ധിമാൻ ആയ ആമയും അതി മടിയനായ മുയലും ഉണ്ടായിരുന്നു. അവർ രണ്ടും ഒരു ദിവസം അടിപിടി കൂടിയ വിവരം കാട്ടിൽ അറിഞ്ഞു. അപ്പോൾ അതറിഞ്ഞ കാടിന്റെ രാജാവ് എല്ലാവരെയും വിളിച്ച് വരുത്തി. എന്നിട്ട് ഒരു മത്സരം നടത്താൻ തീരുമാനിച്ചു. ആ മത്സരം ആമയും മുയലും തമ്മിലാണ്. ആ മത്സരം ഓട്ടമായിരുന്നു.ആരാണ് ജയിക്കുന്നത്. അവർക്ക് കുയിലമ്മയെ വിവാഹം കഴിക്കാം എന്നാണ്. മത്സരം ആരംഭിച്ചു.മുയൽ ആദ്യ ഓടിപ്പോയി.ആമ പയ്യനെ നീങ്ങി വരുകയാണ് ഒരിടത്ത് അതിബുദ്ധിമാൻ ആയ മടിയനായ മുയൽ ആമ വരുന്നത് വരെ ഉറങ്ങാം എന്ന് വിചാരിച്ച് മരച്ചുവട്ടിൽ കിടന്നു. ആ സമയം ആമ നിരങ്ങി മുയലിനെ കടന്ന് പോയി. ആമ മത്സരത്തിൽ വിജയിച്ചു.

മുയൽ എഴുന്നേറ്റപ്പോൾ ആമ വിജയിച്ചതറിഞ്ഞു.അപ്പോൾ മുയൽ അയ്യോ എന്ന് ആയി പോയി.



**അജയ്**

# കേരളത്തിന്റെ തനത് കലാരൂപം





പഞ്ചാത്തലത്തിൽ ഭാഗവതർ ആലപിക്കുന്ന പദങ്ങൾ ഹസ്ത മുദ്രകളിലൂടെയും,മുഖഭാവങ്ങളിലൂടെയും,അരങ്ങത്തു നടൻമാർ അഭിനയിച്ചാണ് കഥകളിയിൽ കഥ പറയുന്നത്.കഥകളിയിലെ വേഷങ്ങൾ പ്രധാനമായും അഞ്ചായി തിരിച്ചിരിക്കുന്നു.സ്ത്രീകളുടെയും മുനിമാരുടെയും വേഷം മിനുക്കാണ്.ഇത്തരത്തിൽ വേഷമണിയിക്കുന്നതിന് ചുട്ടിക്കുത്ത് എന്നും പറയുന്നു.അഭിനയത്തിലുടെ നടൻമാർ ഭാവാവിഷ്കരണപരവും താളാത്മകവുമായ രംഗചലനങ്ങളും അംഗചലനങ്ങളും പ്രദർശിപ്പിക്കുന്നു.പാട്ടുകാർ പിന്നിൽ നിന്ന് പാടുകയും നടൻമാർ കാവ്യത്തിലെ പ്രതിപാദ്യം.അരങ്ങത്ത് അഭിനയത്തിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നു.



ARCHA

# അബ്ദുൾ കലാമിന്റെ വിജയചൈതന്യങ്ങൾ



AKSHAY

എനിക്കിതു ചെയ്യാൻ കഴിയും
നമുക്കിതു ചെയ്യാൻ കഴിയും
ഇന്ത്യക്കിതു ചെയ്യാൻ കഴിയും
എന്ന ഇച്ഛാശക്തിയോടെ 540 ദശലക്ഷം
യുവജനങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ,
ഒരു വികസിതരാഷ്ട്രമായിത്തീരുന്നതിൽ
നിന്നും ഇന്ത്യയെ തടയാൻ യാതൊരു
ശക്തിക്കും കഴിയുകയില്ല.

1. ഒരു ഉത്തമവിദ്യാർഥിയായിത്തീരുവാൻ ഒരാൾ എത്രത്തോളം സമയം ചെലവഴിക്കണം?

 ഒരു ഉത്തമ വിദ്യാർഥിയുടെ പഠനപ്രക്രിയരണ്ട് സവിശേഷതകളിൽ ജാഗ്രത പുലർത്തുമ്പോൾ അയാൾ വിജയശ്രീ ലാളിതനാകുന്നു: ഒന്ന് ,വിജ്ഞാനാർജനം,മറ്റത്,ഉത്തമമായ മൂല്യവ്യവസ്ഥയുടെ സനമ്പാദനം.

ലോകത്തിലേവെല്ലുവിളികൾനേരിടാനുംഉത്തമപൗരന്മാരായിത്തിരാനുംവിദ്യാർഥികളെസഹായിക്കുന്നതിന് പഠനത്തിനു പുറമേ മറ്റ് എന്തെല്ലാം സംഗതികൾ സ്കൂളുകളിൽ ആവശ്യമുണ്ട് എന്നാണ് താങ്കൾ കരുതുന്നത് ?

കളികൾ,സംവാദം,സംരഭകത്വംഎന്നിവയിലുള്ള പ്രാവീണ്യം,സാംസ്കാരികമൂല്യങ്ങളുടെ പോഷണം തുടങ്ങി വിദ്യാർഥികളുടെ ബഹുമുഖമായ വ്യക്തിത്വവികസനത്തിനു വേണ്ട അവസരം സ്കൂളിൽ നിശ്ചയമായും ഒരുക്കിയിരിക്കണം ഇത്തരം പ്രവർത്തനങ്ങൾ സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമായിത്തീരുക തന്നെ വേണം

# മഹത് വചനങ്ങൾ

സൗന്ദര്യം തന്നെ സത്യം

സത്യംതന്നെ സൗന്ദര്യം,ഈ ലോകത്ത്
നമുക്കറിയാവുന്നതും അറിയേണ്ടതും
ഈ സത്യം ഒന്നുമാത്രമാണ്

-കീയേസ്

കിരീടം ധരിച്ച ശിരസ്സ് എപ്പോഴും
അസ്വസ്ഥമായിരിക്കും

-ഷേക്സ്പിയർ

പാവം മനുഷ്യൻറെ

ദയാനിധിയായ സുഹൃത്തേ!

അല്ലയോ മരണമേ -ബേൺസ്

ഞാൻ ഭാവിയെ പറ്റി ഒരിക്കലും ചിന്തിക്കാറില്ല
അത് പെട്ടെന്ന് തന്നെ വന്നുകൊള്ളും

-ആൽബേട്ട് എയിൻസ്റ്റീൻ

മനുഷ്യൻ പകൃതിയിലെ ഏറ്റവും ദുർബലനാണ്
പക്ഷെ അവനു ചിന്താശേഷിയുണ്ട്

-പാസ്കൽ

വാക്കുകൾ ഇലകൾ പോലെയാണ് അവ
കൂടുതലുള്ളിടത്ത് സാരാംശമാകുന്ന

കനികൾ വിരളമായേ കാണു..

-പോപ്പ്

മനസിൽ തീർച്ചയായും ആഗ്രഹമുണ്ട്, പക്ഷെ ശരീരം അശക്തമാണ്

-ന്യൂ ടെസ്റ്റാമെൻ്റ

ഈ ലോകം ഒരു നാടകസ്റ്റേജാണ് ,
സ്ത്രീ പുരുഷന്മാർ അതിലെ
നടി നടന്മാർ

-ഷെക്സ്പിയർ


ഒരു പേരിലെന്തിരിക്കുന്നു? റോസാപൂവിനെ
മറ്റേതു പേരുകൊണ്ട് വിളിച്ചാലും അതിന്റെ
സുഗന്ധത്തിന് കുറവുണ്ടാവില്ല


-ഷെക്സ്പിയർ

എല്ലാവരോടും സൗമ്യമായും ദയയോടും പെരുമാറുക, നിങ്ങളുടെ സ്വയം നിർദ്ദാക്ഷണ്യമായും

-മദർ തെരെസ്സാ

# പ്രശ്നോത്തരി






ഗൗതം

## താഴെക്ക്

1. 2018-ഫിഫാ ലോകകപ്പിൽ ഗോൾഡൻ ബൂട്ട് കരസ്ഥമാക്കിയ താരം
2. നൈജിരിയക്ക് ഏതിരെ 2-ാം ഗോൾ അടിച്ച അർജൻറ്റീന താരം
3. അർജൻറ്റീനയിലെ 10-ാം നമ്പർജയ് ർസിക്കാരൻ
4. അർജൻറ്റീന താരമായ അഗ്യുറയുടെ ക്ലബ്
5. നവാസ് എന്ന ഗോൾ കീപർ ഉള്ള രാജ്യം (റയൽ മാഡ്രിഡ് എന്ന ക്ലബിലെ)

## വലതോട്ട്

1. 2018-ഫിഫാ ലോകകപ്പിൽ കിരീടം നേടിയ രാജ്യം
2. സി.ആർ.7 എന്ന ഉലിക നാമത്തിൽ അറിയപെടുന്ന താരം
3. അവസാന 16 ടീമിൽ ബ്രസീലിന് ഏതിരെ കളിച്ച ടീം
4. റയൽ മാഡ്രിഡ് പ്രതിരോധ താരമായ റാമോസ് കളിക്കുന്ന രാജ്യം
5. 2018 ബാലൺ ഡി ഓർ പുരസ്കാരം നേടിയ താരം

# ഇന്നിന് മകൻ



ADITHYAN. R

മണ്ണു തുരക്കുന്ന മാനവനാണു ഞാൻ
മാമരം വെട്ടുന്ന മലമന്നനാണു ഞാൻ
ഭുവിന് നാരായ വെരറുത്തീടുന്ന
ഭുമിതകർക്കുന്ന ഭുതത്താനാണുഞാൻ......
പെണ്ണു പെറ്റീടിലും പെറ്റമ്മ ചാകിലും..
കോക്കൈയിൽ പാർട്ടി നടത്തുവോനാണുഞാൻ......
ഉള്ള സമ്പത്തങ്ങു വിറ്റു കുടിച്ചിട്ടു-
പയ്യാരം ചൊല്ലി നടപ്പാനാണു ഞാൻ....
കള്ളൻ, കവടനും തട്ടിപ്പുകാരനു -
മൊപ്പം ജയിൽവാസമേറ്റവനാണു ഞാൻ...
മണ്ണിൻെറ പെണ്ണിന്റെ മനവും വിറ്റങ്ങു-
കാശിനായ്  പായുന്ന കാട്ടാളനാണ്ണു ഞാൻ
പെൺമേനി  തിരയുന്ന ക്യാമറക്കണ്ണു ഞാൻ
പെരിയപരാധങ്ങൾ ചെയ്യുവോനാണു ഞാൻ...........
മണ്ണിനെകാക്കാതെ  മക്കളെയോർക്കാതെ
കൺതുറിച്ചെത്തുന്ന വ്യാളിയാണിന്നു ഞാൻ
താടിമുടികൾ മുറിക്കാതെ കാട്ടാള-
വേഷങ്ങൾ പേറുന്ന പേക്കോലമാണു ഞാൻ......
നാളെയെ നോക്കാതെ നന്മകൾ കാക്കാതെ
കാശിനായ് കൈനീട്ടും നീരാളിയാണു ഞാൻ
കള്ളത്തരങ്ങളും കാപട്യവും കാട്ടി
കാടത്തമുള്ളിലൊളിപ്പിച്ചോനാണു ഞാൻ.........
പാലൊളിപുഞ്ചിരി ചുണ്ടിൽ നടപ്പവനാണ ഞാൻ.
മണ്ണിന്റെയന്ത്യം കുറിക്കാൻ പിറന്നതാം
ഇനിയുഗത്തിന്റെ സൽപുത്രനാണു ഞാൻ.....

# പ്രളയം കൈ ഒഴിയുമ്പോൾ.........

കേരളത്തിലെ ആദ്യത്തെ പ്രളയത്തിനു ശേഷം ഉണ്ടായ മറ്റൊരു ദുരന്തമാണ് 2018 ഒക്ടോബർ മാസത്തിലുണ്ടായ പ്രളയം . മലയാളികളെ നടുപ്പിച്ച പ്രളയം . മലയാളക്കര ഓണം ആഘോഷിക്കാൻ കാത്തിരിക്കുകയായിരുന്നു. പെട്ടന്നുണ്ടായ മഴയോടൊപ്പം അണക്കെട്ടുകൾ കൂടി തുറന്നപ്പോൾ കേരളത്തിന് താങ്ങാൻ കഴിഞ്ഞില്ല. ഒരു രാത്രി കൊണ്ട് കേരളം പ്രളയത്തിൽ ആഴ്ന്ന പോയി. പെട്ടന്നുള്ള പ്രളയത്തെ തടയാൻ മലയാളിക്ക് കഴിഞ്ഞില്ല. എങ്ങും ആളുകളുടെ കരച്ചിൽ മാത്രം. ദിവസങ്ങളആയുള്ള പോരാട്ടത്തിനൊടുവിൽ കേരളം പ്രളയഭീതിയിൽ നിന്നും രക്ഷപെട്ടു. എന്നാൽ പ്രളയം തന്ന അവശേഷിപ്പുകൾ ചിലർക്ക് താങ്ങാൻ കഴിഞ്ഞില്ല. വർഷങ്ങളായി അധ്വാനിച്ച് നേടിയ സമ്പാദ്യം ഉപയോഗിച്ച് നിർമ്മിച്ച വീടുകൾ ഒരു നിമിഷം കൊണ്ട് ഇല്ലാതായി. ഉരുൾപൊട്ടലിൽ തകർന്ന സമ്പാദ്യങ്ങൾ .......... എത്രയോ പേരുടെ ഹൃദയങ്ങൾ. വിദേശ രജ്യങ്ങളുടെ സഹാടത്താൽ കേരളം കൈ പിടിച്ചുർന്നു.................



അഖിൽ ആർ

# ചോദ്യോത്തരം


ആദർശ്.പി

1. 2018 ഉണ്ടായ മാരകമായ വൈറസ്?

നിപ

2. കേരളത്തിന്റെ ദേശീയ പൂവ്?

കണിക്കൊന്ന

3. കേരളത്തിൻെറ ദേശീയ ഫലം ?

മാങ്ങ

4.ഏറ്റവും വലിയ പാമ്പ്?

രാജവെമ്പാല

5.ഏറ്റവും വലിയ പക്ഷി?

ഒട്ടക പക്ഷി

6.കേരളത്തിലെ ആകെ ജില്ലകൾ?

14

7.കേരളത്തിലെ ആകെ നദികൾ?

44

8.ഒ.ൻ.വി. കുറുപ്പിന്റെ ജൻമ ദേശം?

ചവറ

9.കംമ്പ്യൂട്ടറിന്റെ പിതാവ്?

ചാൾസ് ബാബേജ്

10. കേരളത്തിന്റെ ഔദ്യോഗിക മൃഗം?

ആന

കവിത

# ബഷീർ എന്ന ബല്യ ഒന്ന്

അവശൻ കക്കാടിന്റ
ദീനശയ്യയിലന്നാൾ
അവിടന്നിരിക്കെ ഞാൻ
അർഥിച്ചെൻ ''പേരക്കുട്ടി
ഇവളെ നിറുകയിൽ
തൊട്ടനുഗ്രഹിച്ചാലും
കുഴിയാനയി ; ലാടിൽ
അണ്ഡകോടിയിൽ സ് നേഹ -
പ്പൊരുൾ തേടിന കൈയാൽ
താങ്കളെൻ കിടാവിനെ
എടുത്തു മടിയിൽച്ചേർ -
ത്തിരുത്തി വികൃതികളുരച്ചും കളിചിരി -
യുതിർത്തും രണ്ടാംബാല്യം
ഇന്നുമായ് നുണച്ചിരി -
ക്കുമ്പോൾ ഞാൻ ചൊന്നേൻ ; ''പൈതൽ
മുണ്ടിൻമേലഴുക്കാക്കാം -
കരുതിയിരിക്കുക .''
ഉറക്കെച്ചിരിച്ചുകൊണ്ടങ്ങതൻ മറുപടി.



**PARVATHY**

കഥ

# ആരുംഒറ്റയ്ക്കല്ല



ARDRA

ഇന്ന് നിനോവന്റെപത്താം പിറന്നാളാണ്. പക്ഷ അവൻ പേടിച്ചുവിറച്ചിരിക്കുകയോണ്. കാരണമെന്തെന്നോ? നിനോവോനഇന്നു രാതി മുഴുവൻ കാട്ടിൽ ഒറ്റക്ക് കഴിയണം.

അവൻ ചിറകിവംശത്തിൽ ആണ് ജനിച്ചത്. അവിടുത്തെ രാജാവ് പത്ത് വയസ്സ് ആകുന്ന കുട്ടികളെ കാണാൻ വരുമായിരുന്നു. പിന്നീട് ആ കുട്ടിയുടെ കണ്ണ് മൂടികെട്ടി വൈകുന്നേരമാകുമ്പോൾ വനത്തിലെക്ക് കൊണ്ടുപോകും.കാട്ടിലെ മരച്ചുവട്ടിൽ കുട്ടിയെ ഇരുത്തി രാജാവ് തിരിച്ചുപോകും.

കരയാനോ കണ്ണിലെ കെട്ട് അഴിക്കാനോ അവിടെ നടക്കുന്ന കാര്യങ്ങൾ ആരോടും പറയാന്നോ പാടില്ല.വൈകുന്നേരം നീനോവാൻറെ വീട്ടിൽ രാജാവ് വന്നു ആചാരമനുസരിച്ച് കണ്ണുകെട്ടി. പിന്നെ അവർ വനത്തിൽ എത്തി പാവം നിനോവാനെ മരച്ചുവട്ടിൽ ഇരുത്തി രാജാവ് പോയി. രാത്രി ഭീകരശബ്ദങ്ങൾ വന്യമൃഗങ്ങളുടെ അലർച്ച...... നിനോവാൻ പേടിച്ചുപോയി.

നാളത്തെ സൂര്യോദയം കാണാൻ താൻ ഉണ്ടാവില്ല.

കടുവയോ, പുലിയോ കടിച്ചുതിന്നും, അവൻ ഉറപ്പിച്ചു.പേടിച്ചുവിറച്ച് അവൻമരച്ചുവട്ടിൽ ചുരുണ്ടുകൂടിയിരുന്നു പിന്നെ അവൻ ഉറങ്ങിപ്പോയി. മുഖത്ത് സൂര്യപ്രകാശത്തിന്റെ ചൂട് തട്ടിയപ്പോഴാണ്അവൻ ഉണർന്നത്. ഭാഗ്യം.

നേരം പുലർന്നിരിക്കുന്നു. താൻ മരിച്ചിട്ടില്ല. അവൻ കണ്ണിലെ കെട്ട് വലിച്ചൂരി. അവൻ പെട്ടന്ന് നോക്കിയപ്പോൾ മരത്തിനുമുകളിൽ അവന്റെ അച്ഛൻ രാത്രി മുഴിവൻ അമ്പും വില്ലുമായി കാത്തിരിക്കുകയായിരുന്നു. അച്ഛൻ പറഞ്ഞു മോനെ ഓരോ കുട്ടിയും വിചാരിക്കും അവൻ കാട്ടിൽ ഒറ്റക്കാണ്. എന്നാൽ അടുത്ത് അവന്റെ അച്ഛൻ കാവലിനുണ്ടാകും. ഇതുപോലെ ജീവിതത്തിനും പലപ്പോഴും കാണാനാവാത്ത ഈശ്വരൻ നമ്മുടെ രക്ഷക്കായി ഉണ്ടാകും........


# മതിലേരിക്കന്നി

തിരുവെഴുത്താലോലാതു  കണ്ടോണ്ടാരെ
കിടുകിടെപൊട്ടിക്കരഞ്ഞേ  കന്നി
കണ്ണീരും  കൈയ്യായി നിന്നവള്
കരഞ്ഞും  പറഞ്ഞല്ലോ  കുഞ്ഞിക്കന്നി:
"കനകം  നാളേറെ  മനം  കൊതിച്ച്
കരളിനകത്തുള്ള  നാടുവാഴിക്ക്
അറിയാതെയായിരം  കുറ്റം  കണ്ട്
അതിനെന്തുടയോനെ ;വേണ്ടത് ഞാനേ
ഓലുണ്ടെരിപൊരിയങ്കത്തില്
ഞാനണ്ടിപ്പട്ടൂരിക്കട്ടുമ്മല്
ഓലുണ്ടമ്മണ്ണിലും  ചോരയിലും
ഞാനണ്ടീയേഴ്തട്ട്  മാള്യേമ്മല്
പൊറുക്കുന്നില്ലച്ഛാ  പൊറുക്കുന്നില്ലേ
നെഞ്ചുണ്ടിരുമ്പൊലച്ചൂളയാവുന്നേ
പതിനേഴും  കോപ്പും  തലതേഞ്ഞിറ്റ്
പതിനെട്ടോടത്താഴം  വെച്ചെനക്ക്
ഇരുപത്തിയാറ്  വയസ്സവർക്ക് തിരുമേനി പടയിലെന്തേം വന്നെങ്കില്
എവിടെവെച്ചച്ഛാ  പൊറുക്കും ഞാനേ
നാടുവാഴി  തെളിഞ്ഞാലേ ഞാൻ  തെളിയു
നാടുവാഴീതുന്നാലേ ഞാനിരിക്കു നാളത്തേ പുല്ലപുലരും കാലം
വേയണാട് പൂങ്കൊയിലോം  പോണെനക്ക്
തിരുവെഴുത്താലോലാതുകാണന്നേരം കൈമെയ്യുറക്കവും  വന്നെനക്ക്
മെയ്യെല്ലം കണ്ണായിത്തോന്ന്യേനക്ക് തലവൻ പടനായരത്തേടിയച്ഛൻ
കേക്ക് മലയോരം കാരണ്ടാലോ'
പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിത്തെളിഞ്ഞ്  പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
ആണായും പെണ്ണായും പൊറ്റ്യേൻറച്ഛൻ
അച്ഛൻകനിവെന്നോടുണ്ടെങ്കില്
പടപൊയ്യു  താപ്പൂട്ടി വന്നോളാലോ."



SONA

# ജൈവ വിഘടിത പ്ലാസ്റ്റിക്ക് എന്നാൽ എന്ത് ?



പ്രതിദിനം നഗരവീഥികളിൽ തള്ളിപ്പെടുന്ന ഖരമാലിന്യങ്ങൾ ,ഭരണാധികാരികൾക്കും, പരിസ്ഥിതിപ്രവർത്തകർക്കും തലവേദനയായി മാറിയിരിക്കുന്നു. ആഹാര പദാർഥങ്ങളുടെ ഉച്ഛിഷ്ടം കടലാസ്, പരുത്തിതുണി തുടങ്ങിയ ഖരമാലിന്യങ്ങളുടെ ഘടകങ്ങൾ ചെറിയ കാലയളവിനുള്ളിൽ വിഘടിച്ച് മണ്ണിനോട് ചേരുന്നു. അല്ലാത്തവ പുനചംക്രമണം ചെയ്യാൻ കഴിയും . വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക്കുകൾ സ്ഥിരമുള്ളതാണ്. അതാണ് അതുകൊണ്ടുള്ള ഗുണവും ദോഷവും.വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക്കുകൾ സ്വാഭാവിക നാശത്തിന്എളുപ്പം വിധേയമാകുന്നില്ല. ശസ്ത്രക്രിയക്ക് ശേഷം മുറിവ് തുന്നികെട്ടാൻ ഉപയോഗിക്കുന്ന നാര്, പൊട്ടിയ എല്ലുകളെ യോജിപ്പിക്കാൻ ഉപയോഗിക്കുന്ന ആണി,ക്യാപ്സ്യൂളുകൾ മുതലായവയുടെ നിർമിതിക്കാണ് ബയോപ്പോൾ ഇപ്പോൾ ഉപയോഗിക്കുന്നത്.



**ശരണ്യ**

# സർപ്പകാവിലെ രഹസ്യങ്ങൾ.............

സംഭാരം കുടി കഴിഞ്ഞപ്പോൾ മാസററർ പറഞ്ഞു "എന്നാലിനി അമ്മുമ്മയുടെ സർപ്പക്കാവു കൂടി ഒന്നുകാണാം".

കുട്ടികൾ എല്ലാം മാസററുടെ നിർദ്ദേശം ശരിവച്ചു

"കണ്ടോ പക്ഷേ അവിടെ നിന്ന് ഒന്നും ഒടിച്ചും പറിച്ചും കൊണ്ടുപോകരുത് "

ആകാശം ചുംബിച്ച് നിൽക്കുന്ന പലതരം വ്യത്യസ്തമായ മരങ്ങൾ ഉണ്ടായിരുന്നു അവയുടെ മുകളിൽ ഊഞ്ഞാലുവള്ളികളും വിന്ന അത്ഭുതപെട്ടു.

മാസ്റ്റർ ഒരോ വള്ളികളെയും ചെടികളെയും പറ്റി വിശദീകരിക്കാൻ തുടങ്ങി.

"ഇതെന്താ മാസ്റ്റർ "

'പാണൽ'

കുട്ടികളുടെ സംശയങ്ങൾക്ക് മാസ്റ്റർ ഒരോന്നായി മറുപടി നൽകാൻ തുടങ്ങി

കുട്ടികളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞ ശേഷം മാസ്റ്റർ പറഞ്ഞു.

വിവിധതരം ചെടികളിൽ നാലു ലക്ഷത്തിൽ താഴെ മത്രമേ തിരിച്ചറിയാൻ സാധിച്ചിട്ടുള്ളൂ പാമ്പുണ്ട് . പക്ഷേ പേടിക്കാനൊന്നുമില്ല. ഒന്നാംതരമൊരു കുട്ടികാടാണ് ഈ സർപ്പക്കാവ്. അത് പലതരം ചെടികളുടെ കലവറയാണ്. പാമ്പിനും മറ്റും കയറിയിരിക്കാൻ പറ്റിയ വീടും. പക്ഷികൾക്കും അതൊരു അഭയ കേന്ദ്രമാണ്. മാത്രമോ , അത് വർഷത്തിൽ പെയ്യുന്ന മഴയുടെ ഒരു ഭാഗം മണ്ണിൽ വേരുകൾക്കിടക്കും മറ്റും പിടിച്ചു വയ്ക്കുന്നു. ഞങ്ങളുടെ കിണററിൽ വേനൽക്കാലത്തു പോലും വെള്ളം വറ്റാത്തതിന്റെ രഹസ്യം അതാണ് " മാസ്റ്റർ വിവരിച്ചു



ശ്രുതി

# കൊളാഷ്



അഷ്റഫ്



നന്ദിപൂർവം...........അംഗങ്ങൾ ...